(ബി) എങ്കിൽ ഓരോന്നിലും എത്ര കോടി രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ സ്കീമുകളിൽ എത്ര കോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ ഏകദേശം 22 കോടി രൂപയും തൊഴിലില്ലായ്മ വേതന ഇനത്തിൽ ഏകദേശം 33 കോടി രൂപയും ഇപ്പോൾ കുടിശ്ശിക വരുമെന്ന് കണക്കാക്കുന്നു.

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ ഏകദേശം 28 കോടി രൂപയും തൊഴിലില്ലായ്മ വേതന ഇനത്തിൽ 22.70 കോടി രൂപയും കുടിശ്ശിക ഉണ്ടായിരുന്നു.

36 (324) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സംവിധാനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന സംവിധാനത്തിലൂടെ ധനം സമാഹരിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്;

(ഡി) സമാഹരണ ചുമതല ആർക്കെല്ലാമാണ്;

(ഇ) സമാഹരിക്കുന്ന തുക ഏതെല്ലാം വകുപ്പുകൾക്കാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) ഈ തുക അനുവദിക്കപ്പെട്ട ആവശ്യങ്ങൾക്കു മാത്രമായി ചെലവിടുമെന്ന് ഉറപ്പാക്കാൻ സംവിധാനമുണ്ടോ;

(ജി) വക മാറ്റി ചെലവിടുന്നവർക്ക് ശിക്ഷ നൽകാൻ നിയമം ഉണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 500 കോടി രൂപ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ആദ്യഗഡുവായി ഇപ്പോൾ 200 കോടി സമാഹരിക്കും.

(സി) സംസ്ഥാനത്തെ റോഡ്, ജലസേചനം, ശുദ്ധജലവിതരണം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി, തുറമുഖം ചവർ, സംസ്കരണം, ഡ്രെയിനേജ് എന്നീ മേഖലകളുടെ വികസനത്തിന് വേണ്ടിയാണ് തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമാഹരണച്ചുമതല എസ്.ബി.ഐ. ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവർക്കാണ്.

(ഇ) തുക വിവിധ പ്രോജക്ടുകൾക്ക് വേണ്ടി നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഉണ്ട്.

(ജി) കരാർ വ്യവസ്ഥ ലംഘിച്ച് തുക ചെലവഴിച്ചാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കാൻ വ്യവസ്ഥയുണ്ട്.

37 (325) പദ്ധതി നടത്തിപ്പുകളിലെ ക്രമക്കേട്

<u>ശ്രീ. എ.കെ. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8.7.1999 ൽ 3/99 എന്ന നമ്പരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഇറക്കിയ സർക്കുലർ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതേത് വർഷങ്ങളിലെ ധനവിനിയോഗത്തെപ്പറ്റിയാണ് ഈ സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ളത്;

(സി) ധനവിനിയോഗത്തിലെ ക്രമക്കേടുകളേയും വെട്ടിപ്പുകളേയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന 1998-ലേയും 1999-ലേയും സമാഹൃത റിപ്പോർട്ടുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഗവണ്മെന്റ് മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) നിയമപ്രകാരം ഈ റിപ്പോർട്ടുകൾ എന്ന് സർക്കാരിന് സമർപ്പിക്കേണ്ടതായിരുന്നു; അവ ഏത് തീയതികളിലാണ് സർക്കാരിന് സമർപ്പിച്ചത്;

(ഇ) സമാഹൃത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലവിളംബരം ഉണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കുലറിൽ പരാമർശിച്ചിട്ടുള്ളത് സബ് ഓഫീസ് മേധാവികൾ പൊതുവായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ആയിരുന്നു.

(സി) 1998, 1999 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) നിയമപ്രകാരം 1998, 1999 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ 30.9.98, 30.9.1999 എന്നീ തീയതികൾക്കു മുൻപ് സമർപ്പിക്കണം. ഈ റിപ്പോർട്ടുകൾ യഥാക്രമം 19.9.1998, 16.11.1999 എന്നീ തീയതികളിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ)&(എഫ്) ഇല്ല.

38 (326) വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്

LIBRARY ARCHIVES Kerala Legislative Assembly